# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2281 — 15.07.11-ൽ മറുപടിക്ക്

**ഇടപ്പിള്ളി - വാളയാർ ആറുവരിപ്പാതയുടെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എൻ.എച്ച്.47-ൽ ഇടപ്പിള്ളി മുതൽ വാളയാർ വരെയുള്ള ആറുവരിപ്പാതയുടെ നിർമ്മാണ പ്രവൃത്തി ചില സ്ഥലങ്ങളിൽ തുടങ്ങാതെയും, ചിലയിടങ്ങളിൽ മുടങ്ങിയും കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത തടസ്സം മാറ്റി നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് പറയുമോ ? | (എ) & (ബി) ഉണ്ട്. എൻ.എച്ച്.47-ൽ തൃശ്ശൂർ മുതൽ അങ്കമാലി വരെയുള്ള 4 വരിപ്പാതയുടെ അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തെ അഭിവൃദ്ധിപ്പെടുത്തൽ ജോലികളുടെ 95% പൂർത്തിയായി. 2.60 ഹെക്ടർ സ്ഥലം NHAI-ക്ക് കൈമാറിക്കിട്ടാനുള്ളതിനാൽ ജംഗ്ഷനിൽ അഭിവൃദ്ധിപ്പെടുത്തൽ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇൻഡ്യാ ഗവൺമെന്റിന്റെ 18.10.2010 തീയതിയിലെ 3 (ഡി) ഗസറ്റ് വിജ്ഞാപനം ചെയ്തുവെങ്കിലും സ്ഥലം ഇതുവരെ കൈമാറി കിട്ടിയിട്ടില്ല. സ്ഥലം കൈമാറിക്കിട്ടിയതിനു ശേഷമേ ആ ജോലികൾ തുടങ്ങാൻ കഴിയുകയുള്ളു.<br><br>എൻ.എച്ച്.47-ൽ വടക്കാഞ്ചേരി മുതൽ തൃശ്ശൂർ വരെ 6 വരിപ്പാതയാക്കുന്ന ജോലി ആരംഭിച്ചു കഴിഞ്ഞു.<br><br>എൻ.എച്ച്.47-ൽ വാളയാർ മുതൽ വടക്കാഞ്ചേരി വരെ 4 വരിപ്പാതയാക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. പി.പി.പി.എ.സിയുടെ അംഗീകാരം ലഭിച്ചു. ക്യാബിനറ്റിന്റെയും NHAI ബോർഡിന്റെയും അംഗീകാരം കിട്ടിയശേഷമേ കരാറുകാരന് രേഖാമൂലമുള്ള അംഗീകാരം നൽകാൻ സാധിക്കുകയുള്ളു. മൂന്നു മാസത്തിനുള്ളിൽ പണി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ